


# ഉപവാസം, പ്രാർത്ഥന, അനുതാപം

ബ്ര. ജിബിൻ ജോസഫ്

Vol. 12, Issue: 41

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ സഹോദരീസഹോദരന്മാരേ,

മാമ്മോദീസായിലൂടെ സ്വായത്തമാക്കിയതും പരിശുദ്ധാത്മാവിനാൽ വെളിപ്പെട്ടതുമായ വിശ്വസസത്യങ്ങൾക്കനുസരിച്ചുള്ള സാക്ഷ്യജീവിതം നയിക്കാൻ സഭാമാതാവ് നമ്മോട് ആവശ്യപ്പെടുന്ന ദനഹാക്കാലം പൂർത്തിയാക്കുമ്പോൾ ഈ കാലത്തിൽ നിന്നും ചൈതന്യം ഉൾക്കൊണ്ട് സഭാമാതാവ് നമ്മെ യേശുവിന്റെ പീഢാസഹനവും കുരിശുമരണവും അനുസ്മരിക്കുന്ന നോമ്പുകാലത്തിലേക്ക് ക്ഷണിക്കുകയാണ്. തീർത്ഥാടകസഭ നോമ്പിന്റെ ആദ്യ തിങ്കൾ മാനസാന്തരത്തിന്റെ പ്രതീകമായ ചാരം ചാലിച്ച് നെറ്റിയിൽ കുരിശു വരച്ച് അനുതാപം ഏറ്റുപറഞ്ഞ് നോമ്പിന്റെ ദിനരാത്രങ്ങളിലേക്ക് പ്രവേശിക്കുകയാണ്. മനുഷ്യനെ മണ്ണിനോട് ഉപമിക്കുന്ന, അവന്റെ നിസ്സാരത വിളിച്ചുകാട്ടുന്ന, ദൈവത്തിങ്കലേക്കുള്ള പിന്തിരിയൽ മാത്രമാണ് മനുഷ്യരക്ഷയുടെ കേന്ദ്രബിന്ദു എന്ന് ഉയർത്തിക്കാട്ടുന്ന വിഭൂതി തിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുകയാണ്.

ഇന്നത്തെ സുവിശേഷഭാഗത്ത് നാം വായിച്ചു കേട്ടത് രണ്ടു പുത്രന്മാരുടെ ഉപമയാണ്. മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക എന്ന പിതാവിന്റെ വാക്കിന് പൂർണ്ണസമ്മതം നൽകി അതിൽ നിന്ന് ഒഴിഞ്ഞുമാറുന്ന ഒന്നാമത്തെ പുത്രനെയും, പിതാവിന്റെ വാക്കിനു മുമ്പിൽ ഒട്ടും വില കൊടുക്കാതെ പറ്റില്ല എന്നു വെട്ടിത്തുറന്നു പറയുകയും എന്നാൽ അൽപം സമയത്തിനു ശേഷം മനം മാറി മുന്തിരിത്തോട്ടത്തിലേക്കു പോകുന്ന രണ്ടാമത്തെ പുത്രനെയുമാണ്. ദേവാലയത്തിൽ പഠിപ്പിക്കുന്ന വേളയിലാണ് യേശു ഈ ഉപമ പറയുന്നത്.

ഉപമയിലെ ഒന്നാമത്തെ പുത്രൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യഹൂദ പുരോഹിതന്മാരെയും നിയമജ്ഞരെയും ഫരിസേയരെയുമാണ്. പോകില്ല എന്ന് കടുപ്പിച്ചു പറഞ്ഞ് എന്നാൽ പിന്നീട് മനസു മാറി പിതാവിന്റെ വാക്ക് കേൾക്കുന്ന രണ്ടാമത്തെ പുത്രൻ സൂചിപ്പിക്കുന്നത് ചുങ്കക്കാരെയും വേശ്യകളെയുമാണ്. അവർക്കായിരിക്കും സ്വർഗരാജ്യത്തിൽ ആദ്യം ഇടം ലഭിക്കുക എന്നാണ് സുവിശേഷത്തിൽ യേശു പറയുന്നത്. കാരണം, അവർ സ്നാപകന്റെ വാക്കിന് ചെവി കൊടുത്ത് മാനസാന്തരപ്പെട്ടവരാണ്. അനുതാപവും, ദൈവത്തിലേക്കുള്ള പിന്തിരിയലും മാത്രമാണ് സ്വർഗരാജ്യത്തിലേക്കുള്ള ഏകവഴിയെന്ന് ഇന്നത്തെ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒരു കഥ ഇപ്രകാരമാണ്. ആഫ്രിക്കയിലെ ഒരു ഉൾനാടൻ ഗ്രാമം. അവിടെ ജീവിച്ചിരുന്നവർക്ക് ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ ഒരിടമില്ലായിരുന്നു. ഈ സാഹചര്യത്തിൽ ഒരു സന്യാസി അവർക്ക് ഒന്നിച്ചുകൂടി പ്രാർത്ഥിക്കാൻ ഒരു സ്ഥലം കണ്ടെത്തിക്കൊടുത്തു. പ്രാർത്ഥന ഒരിക്കലും മുടക്കരുത് എന്ന ഒരു നിബന്ധന മാത്രമേ ആ സന്യാസിക്ക് ഉണ്ടായിരുന്നുള്ളൂ. ഓരോ കടുംബത്തിനും ഈ പ്രാർത്ഥനാ സ്ഥലത്തേക്കു വരാൻ പ്രത്യേകം വഴികളുണ്ടായിരുന്നു. ഒരു കാരണവശാലും ഒരു കുടുംബം മറ്റൊരു കുടുംബവുമായി സംസർഗ്ഗത്തിൽ ഏർപ്പെടാൻ കഴിയാത്തവിധമായിരുന്നു ആ വഴികൾ. ആ വഴികൾ ചെന്നെത്തുന്നത് പ്രാർത്ഥനാ സ്ഥലത്തേക്കാണ്. അവർ പ്രാർത്ഥിക്കുന്നുണ്ടോ എന്നറിയാൻ ആ സന്യാസി ഒരിക്കലും ആ പ്രാർത്ഥനാസ്ഥലത്തേക്ക് പോയിട്ടില്ല. പക്ഷേ, പ്രാർത്ഥന മുടക്കുന്നവരെ വിളിച്ച് സന്യാസി ഇങ്ങനെ പറയുമായിരുന്നു: 'നിങ്ങളുടെ വഴിയിൽ പുല്ല് മുളച്ചിട്ടുണ്ട്' എന്ന്. ആ സന്യാസിയുടെ വാക്കുകൾ, പ്രാർത്ഥനയിൽ നിന്ന് ഒഴിഞ്ഞുമാറിയ കുടുംബങ്ങൾക്ക് ഒരു മിഴിതുറക്കലായിരുന്നു. ദൈവത്തിങ്കലേക്ക് തിരിച്ചുവരാനുള്ള അനുതാപത്തിന്റെ മിഴിതുറക്കൽ.

മനുഷ്യജീവിതത്തിന്റെ സുപ്രധാനമായ ലക്ഷ്യം ദൈവത്തിങ്കൽ എത്തിച്ചേരുക എന്നതാണ്. ലോകാരൂപിയും പ്രലോഭനങ്ങളും അതിനു ബദലാകുമ്പോൾ എടുത്തണിയേണ്ട ആയുധങ്ങളാണ് ഉപവാസവും അനുതാപവും പ്രാർത്ഥനയും. അതിനുള്ള ക്ഷണമാണ് ഓരോ വിഭൂതിയും. ദൈവത്തിൽ നിന്നു പിന്തിരിഞ്ഞ നിമിഷങ്ങളെയോർത്ത് അനുതപിക്കാനും ദൈവത്തിങ്കലേക്ക് തിരിച്ചുവരാനുമുള്ള പ്രചോദനം ഈ ദിനത്തിൽ നാം ഉൾക്കൊള്ളണം.

പഴയനിയമത്തിന്റെ വെളിച്ചത്തിൽ ഇസ്രായേൽ ജനതയെ നോക്കിയാൽ നമുക്ക് കാണാൻ കഴിയും, പ്രതിസന്ധികൾ ഉടലെടുക്കുമ്പോൾ ദേശീയ ഉപവാസം പ്രഖ്യാപിക്കുന്ന രീതി ഇസ്രായേൽ ജനത്തിന്റെ ഇടയിലുണ്ടായിരുന്നു എന്ന്. ദേശത്തെ ജനം മുഴുവൻ ഉപവസിക്കുന്നു, വസ്ത്രം കീറി വിലാപത്തിന്റെ വസ്ത്രമായ ചാക്കുടുത്ത്, ചാരം പൂശി, തലമുടി പോലും ചീകാതെ നടക്കുന്നു. ദാവീദിന്റെ അനുതാപവും നിനവെ നിവാസികളുടെ അനുതാപവും എല്ലാം ഇതിനോട് ചേർത്തുവച്ച് നാം വായിക്കണം. എന്നാൽ ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നത്, നിങ്ങളുടെ വസ്ത്രമല്ല; ഹൃദയമാണ് കീറേണ്ടത് എന്നാണ്. ഇത് ലക്ഷ്യം വയ്ക്കുന്നത് ഹൃദയാനുതാപമില്ലാതെ ബാഹ്യ അനുതാപരീതികൾ കാട്ടിക്കൂട്ടുന്ന ഇസ്രായേലിന്റെ തകർച്ചയെ സൂചിപ്പിക്കാനാണ്. ദൈവത്തിൽ നിന്ന് അകന്നു പോയവർ ഹൃദയം കീറി തിരിച്ചുവരേണ്ടവരാണ്. എന്നുവച്ചാൽ മാനസാന്തരപ്പെട്ട് സൃഷ്ടാവിലേക്ക് മടങ്ങിവരിക എന്ന് അർത്ഥം.

മുൻ അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൺ 1863 മാർച്ച് 30 -ാം തീയതി ദേശീയ ഉപവാസ ദിനമായി പ്രഖ്യാപിക്കുകയുണ്ടായി. ആ ദിനത്തിൽ അവിടെ സമ്മേളിച്ചിരുന്ന വിശ്വാസികളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "എല്ലാത്തിനെയും ഭരിക്കുന്ന ദൈവത്തിന്റെ സർവ്വശക്തിയിൽ ആശ്രയിക്കാൻ രാജ്യത്തിനും രാജ്യത്തിലെ മനുഷ്യർക്കും ചുമതലയുണ്ട്. മനുഷ്യരുടെയും രാജ്യത്തിന്റെയും നിയമലംഘനങ്ങൾ ഏറ്റുപറയാനും എളിമയോടെ ദുഃഖത്തിൽ കഴിയാനും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഒരു ദിനം ആചരിക്കേണ്ടതുണ്ട്."

ഈ വിഭൂതി നമുക്ക് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനമായിരിക്കട്ടെ. ജീവിതത്തിൽ വന്നുപോയ തെറ്റുകളും കുറ്റങ്ങളും കണ്ടെത്തി ജോയേൽ പ്രവാചകൻ പറയുന്നതുപോലെ ഹൃദയം കീറാൻ നമുക്കും കഴിയട്ടെ. മനുഷ്യാ, നീ മണ്ണാകുന്നു. മണ്ണിലേക്ക് മടങ്ങുന്നു എന്ന ഹൃദയസ്പർശിയായ ഗാനം ഇനി ദേവാലയത്തിൽ നിന്ന് ഉയർന്നുകേൾക്കുമ്പോൾ ദാവീദിനെപ്പോലെ നമുക്ക് ഇപ്രകാരം ഏറ്റുചൊല്ലാൻ കഴിയട്ടെ - "ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോട് കരുണ തോന്നണമേ" എന്ന്. അങ്ങനെ ഉപവാസത്തിന്റെയും പ്രാർത്ഥനയുടെ നോമ്പിലേക്കും വിശുദ്ധമായ ഹൃദയങ്ങളോടെ പ്രവേശിക്കാം.

കൂദാശകളുടെ കൂദാശയായ ഈ വിശുദ്ധബലിയിൽ ഏറ്റുചൊല്ലി പ്രാർത്ഥിക്കാം, അനുതാപത്തിൽ നിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങളിൽ നിന്ന് പിന്തിരിഞ്ഞു കൊണ്ടും പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചു കൊണ്ടും വിശുദ്ധമായ ജീവിതം നയിക്കാൻ ഇടയാക്കണമേ എന്ന്. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ, ആമ്മേൻ.